പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 196 **27-10-2026-ൽ മറുപടിയ്ക്ക്**

നെടുമ്പാശ്ശേരിയിലെ കാർ അപകടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. വി. ജോയി

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) നെടുമ്പാശ്ശേരിയിൽ 19 വയസ്സുകാരൻ മദ്യപിച്ച് ആഡംബര കാർ അമിതവേഗതയിൽ ഓടിച്ചുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

മറുപടി: നെടുമ്പാശ്ശേരിയിൽ 19 വയസ്സുകാരൻ മദ്യപിച്ച് ആഡംബര കാർ അമിതവേഗതയിൽ ഓടിച്ചുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിച്ച സംഭവത്തിൽ നെടുമ്പാശ്ശേരി എയർപോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം. 858/2026 U/S 105 BNS പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും, പ്രതികളെ അപകടം നടന്ന് രണ്ട് മണിക്കൂറിനകം തന്നെ മെഡിക്കൽ പരിശോധനയ്ക്ക് ഹാജരാക്കി chemical പരിശോധനക്ക് അയക്കുന്നതിനായി blood ഉം Urine ഉം കളക്ട് ചെയ്തിട്ടുള്ളതും Drunkenness certificate വാങ്ങിച്ചിട്ടുള്ളതുമാണ്. അന്വേഷണത്തിൽ നിന്നും, ഒന്നാം പ്രതിയായ സുഹൈൽ സജീവ്, മദ്യപിച്ചു കൊണ്ട് മദ്യലഹരിയിൽ അമിതവേഗതയിൽ വാഹനം ഓടിച്ചാൽ മനുഷ്യജീവന് അപകടം ഉണ്ടാക്കാൻ ഇടയുണ്ടെന്ന അറിവോടുകൂടി കടവന്ത്രയിലെ ദയ ബാർ, വൈറ്റിലയിലെ മൺസൂൺ എംബ്രസ് ബാർ, നെടുമ്പാശ്ശേരിയിലെ Courtyard Marriot എന്നീ ബാറുകളിൽ കയറി മദ്യപിച്ച് ആയതിന്റെ ലഹരിയിൽ അമിത വേഗതയിൽ വാഹനം ഓടിച്ചതായും സുഹൃത്തുക്കളായ നിനവ്, ജോയൽ, അമിൻഷാ എന്നീ 2 മുതൽ 4 വരെയുള്ള പ്രതികൾ ടി വാഹനം ഓടിക്കുന്നത് വിലക്കാതെയും അമിത വേഗതയിൽ ഓടിക്കുന്നതിന് പ്രേരണ നല്കിയതായും വെളിവായതിനെ തുടർന്ന് Sec 281, 49 3(5) BNS and Sec. 185(a) MV Act എന്നീ വകുപ്പുകൾ കൂട്ടിചേർത്ത് അന്വേഷണം നടത്തിവരുന്നതും ആയതിന് ബഹു.കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഈ കേസിലേക്ക് കൃത്യസ്ഥല മഹസർ തയ്യാറാക്കിയും മരണപ്പെട്ട 3 പേരുടേയും inquest നടപടികൾ പൂർത്തിയാക്കിയും കൃത്യത്തിൽ ഉൾപ്പെട്ട രണ്ട് വാഹനങ്ങളും ബന്തവസ്സിലെടുത്തും Scientific officer, Finger print officer, Dept. Photographer എന്നിവർ വാഹനങ്ങൾ പരിശോധിച്ച് sample ശേഖരിച്ചിട്ടുള്ളതുമാണ്. 4 പ്രതികളെയും അറസ്റ്റ് ചെയ്ത് ബഹു. കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. തുടർന്ന് പ്രതികളെ കസ്റ്റഡിയിൽ വാങ്ങി കൃത്യ സ്ഥലത്തും മദ്യപിച്ച സ്ഥലങ്ങളിലും എത്തിച്ച് തെളിവെടുപ്പ് നടത്തിയും പ്രതികളുടെ finger print എടുത്തും പ്രതികളുടെ biological sample collect ചെയ്തും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കേസിലേക്ക് ശേഖരിച്ച ഒന്നാം പ്രതിയുടെ ബ്ലഡ്, യൂറിൻ സാംപിളുകൾ കെമിക്കൽ പരിശോധന നടത്തിയതിൽ

നിയമവിധേയമായതിലും അഞ്ചിരട്ടിയിലധികം (Urine 230 mg/100 ml അളവിൽ Ethyl Alcohol ഉണ്ടായിരുന്നതായും ബ്ലഡ് സാംപിളിൽ 161mg/100ml Ethyl Alcohol) ഉണ്ടായിരുന്നതായും വെളിവായിട്ടുള്ളതാണ്. കൂടാതെ കൃത്യ സ്ഥലത്തും പരിസരത്തുമുള്ള CCTV Camera ദൃശ്യങ്ങൾ ശേഖരിച്ച് പ്രതികളുടേയും, മരണപ്പെട്ടവരുടേയും CDR collect ചെയ്ത് പരിശോധിച്ചും കൃത്യത്തിന് ഹേതുവായ മിനി കൂപ്പർ കാർ B M W കാർ നിർമ്മാണ കമ്പനിയുടെ technician-നെ കൊണ്ട് പരിശോധിപ്പിച്ച് EDR (Event Data Record) collect ചെയ്ത് അന്വേഷണം നടത്തിയും വാഹനത്തിൽ നിന്ന് chance print collect ചെയ്തും പ്രതികളെ സാക്ഷികളെ കാണിച്ച് തിരിച്ചറിഞ്ഞും കൃത്യം നേരിൽ കണ്ടവരുടേയും, മരണപ്പെട്ടവരുടെ കൂടെ ഉണ്ടായിരുന്നവരുടെയും മറ്റും മൊഴി രേഖപ്പെടുത്തിയും, മറ്റും വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്. കൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഈ കേസിന്റെ അന്വേഷണം മുൻ അന്വേഷണ ഉദ്യോഗസ്ഥനായ നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറിൽ നിന്നും ആലുവ DYSP ആയ ബൈജു പൗലോസ്-നെ ഏൽപ്പിച്ചിട്ടുള്ളതും, ആയതിലേക്ക് ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് കൂടുതൽ തെളിവുകൾ ശേഖരിച്ചു വരുന്നതുമാണ്. കൂടാതെ 3 പേരോ അതിലധികമോ ആളുകൾ മരണപ്പെടുന്ന കേസുകളിൽ ജില്ലാ ട്രാഫിക്ക് നോഡൽ ഓഫീസർ, സബ് ഡിവിഷൻ ഓഫീസർ, Joint RTO റോഡ് പരിപാലന ഏജൻസി എന്നിവർ ഉൾപ്പെട്ട ടീം പരിശോധന നടത്തി വാഹനാപകടത്തിന്റെ കാരണവും, അത് തടയുന്നതിനുള്ള നിർദ്ദേശങ്ങളും, നൽകണമെന്നുള്ള ട്രാഫിക്ക് റോഡ് സേഫ്റ്റി ഐ.ജി.പി യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ കേസിലേക്ക് 17.10.2026 തീയതി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ആലുവ ഡി.വൈ.എസ്.പി, Joint RTO Angamaly, AGM Civil Works CIAL എന്നിവരടങ്ങുന്ന സംഘം അപകടസ്ഥലത്തെത്തി പരിശോധന നടത്തിയിട്ടുള്ളതുമാണ്. പ്രതികളുടെ ജാമ്യപേക്ഷയെ എതിർത്ത് ബഹു.കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, പ്രതികളുടെ ജാമ്യപേക്ഷ ബഹു. കോടതി തളളിയിട്ടുളളതുമാണ്.

(ബി) അപകടം ഉണ്ടാക്കിയ ഇതേ വാഹനം ഏതാനും മാസങ്ങൾക്ക് മുൻപ് 200 കിലോമീറ്റർ വേഗതയിൽ ഓടിക്കുന്നതിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> നെടുമ്പാശ്ശേരി കാർ അപകടത്തിനുശേഷം സമൂഹമാധ്യമങ്ങളിൽ ഇതു സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങളുടെ ദൃശ്യങ്ങൾ വ്യാപകമായി പ്രചരിച്ചിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വാർത്തകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്. ഇക്കാര്യത്തിൽ മോട്ടോർ വാഹന വകുപ്പിന്റെയോ സൈബർ സെല്ലിന്റെയോ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായതായുളള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സമൂഹമാധ്യമങ്ങളിൽ ഇത്തരം നിയമലംഘനങ്ങളുടെ ദൃശ്യങ്ങൾ വ്യാപകമായി പ്രചരിച്ചിട്ടും മോട്ടോർ വാഹന വകുപ്പോ പൊലീസിന്റെ സൈബർ സെല്ലോ ഇത് കണ്ടെത്തി യഥാസമയം നടപടി സ്വീകരിക്കാതിരുന്നതാണ് മൂന്ന് വിദ്യാർത്ഥികളുടെ ജീവൻ പൊലിയാൻ കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ഇത്തരം നിയമലംഘനങ്ങൾ നിരീക്ഷിക്കാനും കർശന നിയമനടപടി സ്വീകരിക്കാനും അപകടകരമായ വീഡിയോകൾ നീക്കം ചെയ്യാനും മുൻ സർക്കാരിന്റെ

കാലത്ത് നിലവിലുണ്ടായിരുന്ന പ്രത്യേക സംവിധാനം ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: നിയമലംഘനങ്ങൾ നിരീക്ഷിക്കുന്നതിനായി കാലാകാലങ്ങളിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ ഇപ്പോഴും നിലവിലുണ്ട്. റേഞ്ച് തലത്തിൽ നിലവിലുള്ള റേഞ്ച് സൈബർ പട്രോൾ വിങ്ങ് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന നിയമവിരുദ്ധ പ്രവർത്തികളുടെ ദൃശ്യങ്ങൾ നിരീക്ഷിക്കുകയും, കർശന നടപടി സ്വീകരിക്കുകയും അപകടകരമായ വീഡിയോകൾ നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. സമാന രീതിയിൽ, ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ എന്നിവ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന നിയമ വിരുദ്ധ പ്രവർത്തികളുടെ ദൃശ്യങ്ങൾ നിരീക്ഷിക്കുകയും, പോസ്റ്റ് ചെയ്തവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന അപകടകരമായ ഡ്രൈവിംഗ് ദൃശ്യങ്ങൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും അവ നീക്കം ചെയ്യുന്നതിനും ബാധകമായ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനും പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി ഏകീകൃത നടപടിക്രമം തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന അപകടകരമായ ഡ്രൈവിങ്ങ് ഉൾപ്പടെയുള്ള നിയമവിരുദ്ധ പ്രവർത്തികളുടെ ദൃശ്യങ്ങൾ പോലീസ് വകുപ്പ് പരിശോധിച്ച് നീക്കം ചെയ്ത് വരുന്നതും, കുറ്റക്കാർക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിച്ച് വരുന്നതുമാണ്. നിലവിൽ പോലീസും, മോട്ടോർ വാഹന വകുപ്പും സംയുക്തമായി ചേർന്ന് ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് special combing operations/ exercise എന്നിവ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ